## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 632

02.12.2014 - ൽ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്നത്.

### വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ

..............................

ചോദ്യം
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. എ. റ്റി. ജോർജ്
ശ്രീ. വി.ഡി. സതീശൻ
ശ്രീ. ജോസഫ് വാഴയ്ക്കൻ

മറുപടി
ശ്രീ. ഇ. പി. ജയരാജൻ.
(വ്യവസായവും കായികവും വകുപ്പ മന്ത്രി)

(എ) വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(എ) :

1. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ, ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയ വയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നതോടൊപ്പം തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, എന്റർപ്രണർ ഡവലപ്പ്മെന്റ് പ്രോഗ്രാം (ഇ.ഡി.പി) എന്നിവയിലൂടെ പരിശീലന പരിപാടികളും നൽകി വരുന്നു.

2. സാമ്പത്തിക സഹായം ആവശ്യമുള്ള വ്യവസായ സംരംഭകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നു.

3. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് മുഖേന നൽകി വരുന്നു.

4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു-സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകി വരുന്നു.

5. വ്യവസായ സംരംഭങ്ങളിൽ ആൻസിലറി ഉൽപന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകി വരുന്നു.

6. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ലളിതമായ നടപടി ക്രമങ്ങളിലൂടെ പരമാവധി സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി സംരംഭകത്വ സഹായ പദ്ധതി 28/12/12-ലെ ജി.ഒ(എം.എസ്.) നമ്പർ 156/2012/ID പ്രകാരം 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

7. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% ധനസഹായമായി പരമാവധി 20/- ലക്ഷം രൂപ നൽകി വരുന്നു.

8. വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടിക വർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം പരമാവധി 30 ലക്ഷം രൂപ നൽകുന്നു.

9. മുൻഗണനാ വിഭാഗത്തിൽ പ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10/- ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു.

10. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10/- ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.

11. കേന്ദ്ര-സംസ്ഥാന സർക്കാർ

അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് 10% പരമാവധി 10/- ലക്ഷം രൂപ അധിക സഹായം ലഭിക്കും.

12. വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനായി കരകൗശല വ്യവസായവുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളുടെ സർക്കാർ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി 5/- ലക്ഷം രൂപയും ഈ മേഖലയിലെ അപ്പെക്സ് സംഘങ്ങൾക്ക് ധനസഹായമായി 250/- ലക്ഷം രൂപയും കരകൗശല തൊഴിലാളികൾക്ക് എന്റർപ്രണേഴ്സ് അസിസ്റ്റൻസ് സ്കീം പ്രകാരം 60/- ലക്ഷം രൂപയും പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 55/- ലക്ഷം രൂപയും ഉൾപ്പടെ ആകെ 370/- ലക്ഷം രൂപയുടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

13. മുള വ്യവസായ വികസനത്തിനായി 151/- ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിനു പുറമേ ഈ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് കരകൗശല മേഖലയിലെ പ്രാഥമിക കരകൗശല സഹകരണ സംഘങ്ങൾക്കും, സുരഭി, എച്ച്.ഡി.സി.കെ എന്നീ അപ്പെക്സ് സംഘങ്ങൾക്കും രണ്ടു കോടി രൂപ വീതം അനുവദിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

14. പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് അവയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് Production, Processing, Marketing, Storage, Import & Export of Industrial Goods എന്നിവ പ്രോത്സാഹിപ്പിക്കുന്ന

തിനു വേണ്ടി 10/- ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിനായി കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായാണ് സഹകരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ ;

(ബി) : ഉണ്ട്.
കേന്ദ്ര സർക്കാർ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് ഉദ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി. സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലബാർ സിമന്റ്സിന് ക്ലിങ്കർ ലഭ്യമാക്കി ഉദ്പാദനം ഇരട്ടിയാക്കുന്നതിനും ചേർത്തല യൂണിറ്റ് തുറക്കുന്നതിനുമുള്ള പദ്ധതി. കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സഹകരിച്ച് മലബാർ സിമന്റ്സ് ലിമിറ്റഡ് ഒരു സിമന്റ്സ് ലോജിസ്റ്റിക്സ് ഹബ് ആരംഭിക്കുന്ന പദ്ധതി. കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡും എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്നുള്ള പദ്ധതി. ഇതിന്റെ സാധ്യത പഠനം നടത്തുന്നതിനായി എസ്.ബി.ഐ. ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചതിൽ വ്യവസായ രംഗം എത്ര ശതമാനം പുരോഗതി പ്രാപിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി) : ഇത്തരത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചതിൽ വ്യവസായരംഗത്ത് നല്ല രീതിയിൽ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.